പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3709 | 11.12.2018-ലെ മറുപടിക്ക്

## കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനം

ചോദ്യം

ശ്രീ.എം.ഉമ്മർ

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

<table>
<tr><td>(എ)</td><td>കേരള റോഡ് സേഫ്റ്റി അതോറിറ്റിക്ക് പ്രവർത്തന മൂലധനം നൽകുന്നതിനായി ഈ സർക്കാർ അധികാരമേറ്റ ശേഷം ബജറ്റിൽ ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;</td><td>(എ)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം റോഡ് സുരക്ഷാ ഫണ്ടിലേക്ക് ബജറ്റ് വഴി വകയിരുത്തപ്പെട്ട തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><table><tr><th>വർഷം</th><th>വകയിരുത്തിയ തുക (കോടി രൂപയിൽ)</th></tr><tr><td>2016-17</td><td>85.3227</td></tr><tr><td>2017-18</td><td>50</td></tr><tr><td>2018-19</td><td>70.2537</td></tr></table><br>പ്രസ്തുത തുക 3055-00-800-95 എന്ന കണക്ക് ശീർഷകത്തിൽ ചാർജ്ഡ് ഇനത്തിലാണ് വകയിരുത്തപ്പെട്ടത്.</td></tr>
<tr><td>(ബി)</td><td>പ്രസ്തുത അതോറിറ്റിയുടെ പ്രവർത്തനത്തിനായി സെസ്സ് ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് ബജറ്റിലേക്ക് മുതൽ ചേർക്കാറുണ്ടോ; വിശദമാക്കാമോ;</td><td>(ബി)</td><td>2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്റ്റിലെ വകുപ്പ് 10 പ്രകാരം വാഹനങ്ങളിൽ നിന്നും ഈടാക്കുന്ന ഒറ്റത്തവണ സെസ്സ് തുക സർക്കാരിന്റെ സഞ്ചിതനിധിയിലേക്ക് അടയ്ക്കുകയും തുടർന്ന് സർക്കാർ നിശ്ചയിച്ചിട്ടുള്ള പ്രകാരമുള്ള ചെലവ് കുറവ് ചെയ്തതിനുശേഷം ശേഷിച്ച തുക ധനവിനിയോഗത്തിലൂടെ റോഡ് സുരക്ഷാ ഫണ്ടിലേക്ക് ഉൾക്കൊള്ളിക്കേണ്ടതുമാണ്. ഈ തുക പ്രത്യേകമായി ബജറ്റിൽ ഉൾപ്പെടുത്താറില്ല. വാഹനങ്ങളുടെ ഒറ്റത്തവണ സെസ്സായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന തുകയുടെ നിരക്ക് ഇപ്രകാരമാണ്.<br>ഹെവി മോട്ടോർ വാഹനം - 250 രൂപ<br>മീഡിയം മോട്ടോർ വാഹനം - 150 രൂപ</td></tr>
</table>

| | | | |
|---|---|---|---|
| | | | ലൈറ്റ് മോട്ടോർ വാഹനം - 100 രൂപ<br>ഇരുചക്രവാഹനം - 50 രൂപ |
| (സി) | പ്രസ്തുത അതോറിറ്റിക്കായി സർക്കാർ പിരിച്ചെടുത്ത തുക അതോറിറ്റിക്ക് കൈമാറാൻ കഴിയാത്തതിന്റെ വിശദാംശം നൽകുമോ; | (സി) | സർക്കാർ പിരിച്ചെടുത്ത തുക കേരള റോഡ് സേഫ്റ്റി അതോറിറ്റിക്ക് 2015-16 സാമ്പത്തിക വർഷം മുതൽ 2017-18 സാമ്പത്തിക വർഷം വരെ അനുവദിക്കാതിരുന്നത് അവർക്ക് മുൻ വർഷങ്ങളിൽ അനുവദിച്ച തുകയ്ക്ക് വിനിയോഗ സർട്ടിഫിക്കറ്റ് നൽകാത്തതിനാലാണ്. എന്നാൽ നടപ്പ് സാമ്പത്തിക വർഷം കേരള റോഡ് സേഫ്റ്റി അതോറിറ്റിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 70.25 കോടി രൂപയിൽ 22,39,12,986/- രൂപ ഇതിനകംതന്നെ അതോറിറ്റിക്ക് ലഭ്യമാക്കിയിട്ടുണ്ട്. ശേഷിക്കുന്ന 47,85,87,014/- രൂപ ഉടൻതന്നെ അതോറിറ്റിക്ക് ലഭ്യമാക്കാൻ കഴിയുന്നതാണ്. |
| (ഡി) | പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തത മൂലം അതോറിറ്റിയുടെ പ്രവർത്തനം തുടരാൻ കഴിയാത്ത അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഫണ്ടിന്റെ അപര്യാപ്തതമൂലം ഏകദേശം 50 കോടി രൂപയുടെ പദ്ധതികൾക്ക് ഫണ്ട് കൈമാറാൻ കാലതാമസം നേരിടുന്നുവെങ്കിലും ഇത് റോഡ് സുരക്ഷ അതോറിറ്റിയുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**